പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1657 21.01.2014 ൽ മറുപടിയ്ക്ക്

## തരിശുഭൂമി വികസനോന്മുഖമാക്കൽ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.കെ.ജയചന്ദ്രൻ | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) 2011-12-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പബ്ലിക്-പ്രൈവറ്റ്-പഞ്ചായത്ത് പങ്കാളിത്തത്തോടെ സർക്കാർ വക തരിശുഭൂമി വികസനോന്മുഖമാക്കൽ പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ; | (എ) 2011-2012 ലെ ബഡ്ജറ്റിൽ ഭൂവിനിയോഗം എന്ന തലകെട്ടിൽ പ്രഖ്യാപിച്ചിരുന്ന ഒരു ഘടകമാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ച പബ്ലിക്-പ്രൈവറ്റ്-പഞ്ചായത്ത് പങ്കാളിത്തത്തോട് കൂടി സർക്കാർ വക തരിശു ഭൂമി വികസനോന്മുഖമാക്കൽ, കാലാകാലങ്ങളിൽ റോഡ് വികസനത്തിനും മറ്റ് പൊതു ആവശ്യങ്ങൾക്കുമായി സർക്കാർ ഏറ്റെടുത്തിട്ടുള്ള ഭൂമിയിൽ മിച്ചം വരുന്നത് ഉപയോഗശൂന്യമായിക്കിടക്കുന്ന പൊതു ഭൂമി കൃത്യമായി തെരഞ്ഞു പിടിച്ച് അളവുകൾ രേഖപ്പെടുത്തിയശേഷം പൊതു ആവശ്യങ്ങൾക്കായി വേണ്ടത് റിസർവ് ചെയ്ത്, ശേഷിക്കുന്ന ഭൂമി പൊതു-സ്വകാര്യ-പഞ്ചായത്ത് സംയുക്ത പങ്കാളിത്തത്തോടെയുള്ള സംരംഭങ്ങൾക്കോ കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി പാട്ടകൃഷിക്കോ (പച്ചക്കറി കൃഷി, പൂകൃഷി, ഔഷധ കൃഷി മുതലായവ) ലഭ്യമാക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തി ഭൂമി കണ്ടെത്തിയാൽ മാത്രമേ കാർഷികപദ്ധതികൾ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. |
| (ബി) പ്രസ്തുത പദ്ധതിപ്രകാരം എത്ര അളവിൽ ഭൂമി പാട്ടകൃഷിക്കായി ലഭിച്ചിട്ടുണ്ട് എന്ന വിവരം ലഭ്യമാക്കാമോ; | (ബി) ഭൂമി പാട്ടകൃഷിക്കായി ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ